പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 34

11.6.2013 ൽ മറുപടിയ്ക്ക്

## ഐ.ടി. വ്യവസായ വികസനത്തിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ഐ.ടി. വ്യവസായ വികസനത്തിനും പ്രോത്സാഹനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തൊക്കെയാണ് ; | എ) സംസ്ഥാനത്ത് ഐ.ടി. മേഖലയ്ക്ക് പ്രോത്സാഹനവും വളർച്ചയും ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ 2012 ലെ ഐ.ടി. നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.ടി. വ്യവസായ വികസനത്തിന്റെ ഭാഗമായി തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ പ്രധാന നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള പാർക്കുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതാണ്. കൂടാതെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ എയർപോർട്ടുകളെയും തുറമുഖങ്ങളെയും ബന്ധപ്പെടുത്തികൊണ്ട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോൺ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഈ സോണുകളിൽ ഐ.ടി./ഐ.ടി.ഇ.എസ്. വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതാണ്. ഇതിനുപുറമെ ചില സ്ഥലങ്ങളിൽ ചെറുകിട ഐ.ടി. പാർക്കുകൾ സജ്ജീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചി ആസ്ഥാനമായി സ്മാർട്ട്സിറ്റി, തിരുവനന്തപുരത്ത് ഇൻഫർമേഷൻ ടെക്നോളജി ട്രെയിനിംഗിനു വേണ്ടി ICT അക്കാദമി, യുവ സംരംഭകർക്ക് സ്വന്തമായി വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള പരിജ്ഞാനം ആർജ്ജിക്കുന്നതിന് സഹായിക്കുന്ന Technopark Technology Business Incubation Centre ന്റെ കീഴിൽ കൊച്ചിയിൽ Innovation Zone എന്നിവയും താമസിയാതെ പ്രവർത്തനം തുടങ്ങും. വിവര സാങ്കേതിക മേഖലയിൽ പദ്ധതികൾക്ക് വേണ്ട ഭൂമി, അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിന് Kerala State IT Infrastructure Ltd. നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സംസ്ഥാനത്ത് സ്വകാര്യ ഐ.ടി./ഹൈടെക് പാർക്കുകൾ ആരംഭിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളും നടപടി ക്രമങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്.

ബി) ഇതിനായി സ്വകാര്യ ഐ.ടി. പാർക്കുകൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

ബി) സ്വകാര്യ ഐ.ടി./ഹൈടെക് പാർക്കുകൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സി) ഐ.ടി. നയമനുസരിച്ച് എന്തെല്ലാം ഇളവുകളാണ് സ്വകാര്യ ഐ.ടി. പാർക്കുകൾക്ക് നൽകാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശങ്ങൾ എന്തെല്ലാം ?

(സി) യും (ഡി) യും

സംസ്ഥാനത്ത് സ്വകാര്യ ഐ.ടി./ഹൈടെക് പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അവർക്ക് ലഭ്യമാകുന്ന ഇളവുകളും ആനുകൂല്യങ്ങളും സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**